

# മയിൽപീലി

2024

## എഡിറ്റോറിയൽ

# മയിൽപീലി

വിരിയിച്ചെടുത്തപ്പോൾ... വിടരുന്ന മയിൽപ്പീലിയുടെ ഭംഗിയാർന്ന അനുഭൂതിയാണ് ലഭിച്ചത്.... ഒരുമയുടെ തണലിൽ ഒളിച്ചുവച്ച ഭാവനകൾ ശുവലുകളായി മാറിയപ്പോൾ... മനസ്സിന്റെ മലർവാടിയിൽ സന്തോഷം പൂവണിയുന്നു...

ഇതിന്റെ താളുകൾക്ക് സ്നേഹത്തിന്റെയും...... ഒത്തൊരുമയുടെയും....... സൗഹൃദത്തിന്റെയും.... നിറവുണ്ട്.

ആ ഓർമ്മകളെ പുതുക്കുന്ന ഒരു ഓർമ്മച്ചെപ്പായ് മാറാട്ടെ ഈ **മയിൽപീലിയും**

സ്നേഹപൂർവ്വം
എഡിറ്റർ

# ആശംസ

ബേത്ലഹേം ദയറ ഹൈസ്ക്കൂളിലെ
കൊച്ചുമിടുക്കികളായ ലിറ്റിൽ കൈറ്റസ്
അംഗങ്ങളുടെ സർഗസൃഷ്ടിയായ "മയിൽപീലി"
കുഞ്ഞുങ്ങളുടെ സർഗവാസനയെ തൊട്ടുണർത്താനും
മെച്ചപ്പെടുത്തുവാനും ഉപയുക്തമാകട്ടെ എന്ന്
ആശംസിക്കുന്നു.വിവരസാങ്കേതിക വിദ്യയെ എല്ലാ
മേഖലകളിലും നല്ല രീതിയിൽ
ഉപയോഗപ്പെടുത്തുവാൻ സാധികട്ടെ

വിജയാശംസകളോടെ......


പ്രധാനാധ്യാപിക
സിസ്റ്റർ സാറാ പി.സി
ബേത്ലഹേം ദയറ എച്ച്.എസ്

# ഉള്ളടക്കം

നിലാവ് ....................................6
നിങ്ങൾ തൻ കാരണം....................................7
കടംകഥകൾ....................................9
മണിമാളികക്കുളളിൽ....................................10
ക്വിസ്....................................11
അച്ഛൻ....................................12
എ.പി.ജെ അബ്ദുൾ കലാം(ജീവചരിത്രം)....................................13
ദൈവത്തിന്റെ ചാരന്മാർ(പുസ്തകാസ്വാദനം)....................................14
ഭൂമി....................................15
അമ്മ....................................17
പാത്തുമ്മയുടെ ആട്(വായനാക്കുറിപ്പ്)....................................19
മഹത് വചനങ്ങൾ....................................20
ലഹരി....................................23
വിറ്റാമിനുകൾ....................................24
മഴവന്നു....................................26
ജനനി....................................27
പഴഞ്ചൊല്ലുകൾ....................................28
പൈഥഗോറസ്(ജീവചരിത്രം)....................................29
അമ്മയുടെ സ്നേഹം....................................30
എൻെറ  പ്രകൃതി....................................32
മഹാത്മാഗാന്ധി(ജീവചരിത്രം)....................................33
കേരളം....................................34
നായ വീട്ടുമൃഗമായതെങ്ങനെ....................................35

എന്റെ സ്വപ്നം..........................................................38
കുഞ്ഞുപൂവ്..............................................................39
ഉണ്ണികൃഷ്ണൻ പുതുർ(ജീവചരിത്രം)............................40

# നിലാവ്



ഉരുകുമലോ നിൻ്റെ
ഓർമ്മയിൽ
മറയുമലോ വാനിലായി നീ
നിലാവ് പോലെ
മാഞ്ഞുപോകയോ..
ഇരുളുമായി വന്നണഞ്ഞുവോ
കുളിരുമേകി നിലാവിൻ
താളമായ്

# നിങ്ങൾ തൻ കാരണം



ഭയം നിറക്കുന്ന നിന്റെ
അന്ധകാരത്തിൽ
തണുത്തുവിറക്കുന്ന എന്റെ
ഉടലുമായി
കണ്ണുമിഴിച്ച് നിന്റെ
അമ്പരത്തിലേക്ക് നോക്കവേ
തുളഞ്ഞ് കേറുന്ന നിൻ
നീർത്തുള്ളികൾ
എൻ കണ്ണിൽ വന്ന്
പതിച്ചനേരം
നിശ്ചലമായി നിൻ
മഴത്തുള്ളികൾ
ക്കുള്ളിൽ ഞാൻ
അധികനേരവും.
എന്തിനിത്രനാൾ നീ

വീർത്തുകെട്ടി നിന്നു
എന്നുഞാൻ
അതിന് നിങ്ങൾതൻ കാരണം
എന്ന് കേട്ടനേരം
ഒരു നീർത്തുള്ളി എൻ
കണ്ണിൽ
നിന്നും ഉരുണ്ടുവീണപ്പോൾ
നീ പേമാരിയായി ഭൂമിയിൽ
വർഷിച്ചു...

# കളിപൂച്ച

മേശപ്പുറത്ത് ഒരു ഗ്ലാസ്സിരിക്കുന്നു.അതിനുള്ളിൽ ഒരു തുള്ളി വെള്ളം പോലുമില്ല. ഒരു പൂച്ചക്കുട്ടി മേശപ്പുറത്തേക്ക് ചാടി ഗ്ലാസ് തട്ടി മറിച്ചപ്പോൾ മേശവിരിപ്പാകെ നനഞ്ഞു, എന്തുകൊണ്ട് ?

മ്യാവൂ......മ്യാവൂ.........!!!

(പാലായിരുന്നു)

# കടംകഥകളായാലോ.......

.മുറ്റത്തെ ചെപ്പിന് അടപ്പില്ല ?

കിണർ

.ഞെട്ടില്ല വട്ടയില ?

പപ്പടം

.കാള കിടക്കും കയറോടും ?

മത്തങ്ങ

# മണിമാളികക്കുള്ളിൽ

ആയുസ്സിയില്ലാത്ത ഈ ജീവിതവുമായി ഞാൻ
ആഘോഷിക്കാൻ വെമ്പൽ കൊള്ളവേ.....

കുമിഞ്ഞു കൂടുന്ന കടലാസു
കഷ്ണമാൽ ആർഭാടമാക്കിയെൻ ജീവിതം....
വാർദ്ധക്യത്തിൻ മുൾമുനയിൽ നിൽക്കുമ്പോൾ
തിരിഞ്ഞുനോക്കി ഞാനെന്റെ ജീവിത പ്രയാണം.



എന്തു സമ്പാദിച്ചുവെന്ന കുറ്റബോധം
കൊണ്ടെൻ മനസ്സ് കലുഷിതമായി.
പതിയെ എൻ കണ്ണിണകളിൽ
ഇരുട്ടിന്റെ കനം വന്നുകേറി.

മണ്ണിലലിയേണ്ട ഈ ശരീരവുമായി
ഞാൻ സമ്പാദിച്ചതെല്ലാം വിട്ടെറിഞ്ഞ്

# ക്വിസ്

1.ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള വർത്തമാന പത്രം?

ബോംബെ സമാചാർ

2. ഇന്ത്യയിലെ തപാൽ സ്റ്റാംപിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി?

ശ്രീ നാരായണ ഗുരു

3.ഗാന്ധിജിയെ മഹാത്മ എന്ന് വിശേഷിപ്പിച്ചത് ആര്?

രവീന്ദ്രനാഥ് ടാഗോർ

4.വന്ദേ മാതരത്തിൻെറ രചയിതാവ് ?

ബംകിം ചന്ദ്ര ചാറ്റർജി

5.ദക്ഷിണ ഗംഗ എന്ന് അറിയപ്പെടുന്ന നദി?

കാവേരി

# അച്ഛൻ

**മായാവിയായ സരസ്സ് പോലെ**
**അദൃശ്യനായി അച്ഛൻ**
**ഞങ്ങൾ അവശേഷിച്ച**
**വെള്ളം തേടിപ്പോകുന്ന പക്ഷികൾ**

**ഹോ, എന്റെ ആകാശ പിതാവേ**
**തകർന്നു പോയി ഞങ്ങൾ**
**നിന്റെ നീലിമയിൽ മൂടിയ**
**തിളങ്ങുന്ന താരകം**

# ജീവചരിത്രം

## എ.പി.ജെ അബ്ദുൾ കലാം



കുരുന്നുകളെ സ്വപ്നം കാണാൻപഠിപ്പിച്ച ശാസ്ത്രജ്ഞൻ .അവുൽ പകീർ ജൈനുലബ്ദീൻ (എ.പി.ജെ അബ്ദുൽ കലാ൦) എന്ന പ്രതിഭാ സമ്പന്നൻ 1931 ഒക്ടോബർ 15 ന് രാമേശ്വരത്ത് ജനിച്ചു.2002 ൽ ഇന്ത്യയുടെ 11- ാമത് രാഷ്ട്രപതിയായിരുന്നു.ഡി.ആർ.ഡി.ഒ, ഐ.സ്.ആർ.ഒ തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചു. 27 ജൂലൈ 2015 ന് അന്തരിച്ചു.

# പുസ്തകാസ്വാദനം

## ദൈവത്തിന്റെ ചാരന്മാർ

-ജോസഫ് അന്നക്കുട്ടി ജോസ്

ഇരുട്ടിൽ തപ്പിതടഞ്ഞ് വഴികാണാതെ അലയുന്നവർക്ക് പ്രകാശത്തിന്റെ ഇത്തിരി വെട്ടം പകരുന്ന പ്രചോദന ചിന്തകളാണ് ഈ പുസ്തകത്തിൽ. അതോടൊപ്പം അവനവനിലേക്ക് നോക്കുവാനും സഹായിക്കുന്ന രചനകൾ.

ജീവിതയാത്രയിൽ കണ്ടുമുട്ടിയ എത്രയെത്ര മുഖങ്ങൾ. ചിലർ സ്നേച്ചിവർ, ചിലർ സ്നേഹം നിഷേധിച്ചവർ, ബലഹീനതകളിൽ താങ്ങായി നിന്നവർ, സഹായിക്കാൻ കരം നീട്ടിയവർ, മുഖം തിരിച്ചവർ അങ്ങനെ ഒരുപാടാളുകൾ നമ്മെ കടന്നുപോകുന്നു. അവരുടെ കഥകളും അനുഭവങ്ങളും പങ്കുവെച്ചുകൊണ്ട് ജീവിതത്തെ പുതിയ രീതിയിൽ നോക്കിക്കാണാൻ സഹായിക്കുകയാണ് ഗ്രന്ഥകർത്താവിന്റെ വാക്കുകൾ.

"എന്റെ ജീവിതത്തിലും ഇതു പോലെ ഒരുപാടാളുകൾ വന്നു. അങ്ങനെ വന്നവരേ, എന്നെ തൊട്ടവരേ എന്നെ കുറേക്കൂടി നല്ല മനുഷ്യനാകാൻ പ്രേരിപ്പിച്ചവരേ ഞാൻ വിളിക്കുന്ന പേരാണ് 'ദൈവത്തിന്റെ ചാരന്മാർ'

ഒരു കുമ്പസാരക്കൂട്ടിനുള്ളിൽ കുറ്റബോധത്താൽ നീറി പുകഞ്ഞ് നിൽക്കുന്ന ഒരു ചെറുപ്പക്കാരൻ. പഠിത്തത്തിൽ മുൻപന്തിയിലായിരുന്നവൻ.എന്നാൽ പിന്നീടു കാലുകൾ ഇടറി. പരീക്ഷയിൽ തളരുന്നു.ഒരു യുവ വൈദികന്റെ മുൻപിൽ പഠിത്തത്തിലുള്ള തന്റെ പിന്നോക്കാവസ്ഥ പങ്കുവെയ്ക്കുന്നു. പരീക്ഷയ്ക്ക് ഇനിയും ഒരാഴ്ച്ച. ഗ്രന്ഥകർത്താവ് തന്റെ അനുഭവം പറയുകയാണ്. എന്നാൽ വൈദികന്റെ ഉപദേശം അയാളുടെ ജീവിതം മാറ്റിമറച്ചു. ആദ്യ അധ്യായത്തിൽ വിവരിക്കുന്ന സംഭവം കുറ്റബോധങ്ങളുടെ ചുവരുകൾക്കുള്ളിൽ തളയ്ക്കപ്പെടേണ്ടതല്ല. ജീവിതം എന്ന പാഠം പകരുന്ന ലേഖനം. ഇതുപോലുള്ള പല ഉദാഹരണങ്ങളും ഗ്രന്ഥകർത്താവ് ഈ പുസ്തകത്തിലൂടെ പങ്കുവെയ്ക്കുന്നു.

അമ്മയുടെ പേര് സ്വന്തം
പേരിന്റെയൊപ്പം ചേർത്ത ഗ്രന്ഥകാരൻ ജീവിതത്തെ പ്രണയിക്കാൻ അനുവാചകരോട് ആവശ്യപ്പെടുകയാണ്. നിരാശയിൽ നിന്നും വേദനയിൽ നിന്നും പരിഹാസത്തിൽ നിന്നും പുറത്തുകടക്കാൻ ആഗ്രഹിക്കുന്നവർക്ക് മഴവിൽ വർണങ്ങൾ പകരുന്ന ശ്രദ്ധേയമായ പുസ്തകം.

# ഭൂമി

ഒരുവട്ടം നിന്നെയൊന്നു കാണാൻ
കൊതിച്ചെന്റെ
ഹൃദയജാലകം  ഞാൻ
തുറന്നു
ഒരു വസന്തം കൂടി  ഭൂമി
ഞങ്ങൾക്ക് തരുമോ
എന്റെ ഭൂമി ഇത് നമ്മുടെ
ഭൂമി
വസന്തകാലത്തിനായി ഒരു
തിരിച്ചുവരവ്.........





# അമ്മ

അമ്മ എന്ന പേര് വളരെ പ്രസിദ്ധമാണ് .അമ്മ ഒരു മകളാണ്,ചേച്ചി-യാണ്,ഭാര്യയാണ് എല്ലാമാണ്.ഈ പ്രകൃതി തന്നെ ഒരു അമ്മയാണ്.

എല്ലാം സഹിക്കാൻ കഴിവുള്ള വ്യക്തിയാണ് . നമ്മളെ അടിച്ചും ശാസിച്ചും വലുതാക്കിയ അമ്മയെ ഇന്ന് നാം തള്ളിപറയുന്നു.അമ്മ ശാസിക്കുന്നത് നാം തള്ളിപറയുന്നു. ഏതൊരു ഇരുട്ടിലും നാം തനിച്ചായിപ്പോയാൽ വെളിച്ചം പകർന്നു തരുന്ന അമ്മ. നമ്മളുടെ കൂടെ  എന്നും സ്നേഹവിളിക്കായി അമ്മ കൂടെയുണ്ടാവും. എന്നാൽ ഇന്ന് നാം അമ്മയെ തള്ളിപറയുന്നു. അമ്മയെ നാം തള്ളിപറയാതെ സ്നേഹത്തോടെ പെരുമാറുകയാണ് വേണ്ടത്.

# പാത്തുമ്മയുടെ ആട്

## വായനാക്കുറിപ്പ്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട്. 1959 ൽ പ്രസിദ്ധീകരിച്ച ഈ നോവലിനെ 'പെണ്ണുങ്ങളുടെ ബുദ്ധി ' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരിക്കുന്നു.തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിൽസയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള തന്റെ കുടുംബ വീട്ടിൽ കഴിയവേ 1954 ൽ ആണ് ബഷീർ എഴുതുന്നത്.

നോവലിലെ കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണ്. തലയോലപറമ്പിൽ അദ്ദേഹത്തിന്റെ

വീട്ടിലാണ് കഥ നടക്കുന്നത്.കഥയിലെ ആട്, സഹോദരി പാത്തുമ്മായുടെതാണ്. പെണ്ണുങ്ങളുടെ ബുദ്ധി എന്ന ഒരു ബദൽ ശീർഷകത്തോടെയാണ് ബഷീർ നോവൽ ആരംഭിക്കുന്നത്. 1959 ൽ ആണ് നോവൽ വായനക്കാർക്ക് ലഭ്യമായത്.

# മഹത് വചനങ്ങൾ

| |
|---|
| *"വിദ്യാഭ്യാസം മനുഷ്യരിലുള്ള സമ്പൂർണതയുടെ ആവിഷ്കാരമാണ് "* |
| *-സ്വാമി വിവേകാനന്ദൻ* |

| |
|---|
| " വിദ്യകൊണ്ട് സ്വതന്ത്രരാവുക" |
| -ശ്രീനാരായണഗുരു |

| |
|---|
| "വായിച്ച് വളരുക,ചിന്തിച്ച് വിവേകം നേടുക" |
| -പി.എൻ.പണിക്കർ |

| |
|---|
| " ഒരു നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക് സമാനമാണ് " |
| -ഡോ.എ.പി.ജെ.അബ്ദുൾകലാം |

| |
|---|
| " ആദർശങ്ങളും ലക്ഷ്യങ്ങളും തത്വങ്ങളും നാം മറക്കുമ്പോൾ മാത്രമാണ് സംഭവിക്കുന്നത്" |
| |

| |
|---|
| "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" |
| ശ്രീ നാരായണ ഗുരു |

| |
|---|
| "വിജയം വിദ്വേഷത്തെ ജനിപ്പിക്കുന്നു ,കാരണം വിജിതൻ ദുഃഖിതനാണ്" |
| ശ്രീ ബുദ്ധൻ |

# ലഹരി

ഇന്ന് നമ്മുടെ ഇന്ത്യ ലഹരിയിൽ മുങ്ങിക്കിടക്കുകയാണ്. ആ മുങ്ങലിൽ നിന്ന് ഒരാൾക്കുപോലും രക്ഷപ്പെടാനാവാതെ സ്വയം ആത്മഹത്യ ചെയ്യുന്നു. ഓരോ ആളുകളും ലഹരി ഒരു തവണ ഉപയോഗിച്ച് പിന്നെ ആ ലഹരി വലയിൽ കുടുങ്ങി കിടക്കുകയാണ്. ലഹരികൊണ്ട് ജീവിത ദാമ്പത്യം തകർന്നുപോയിരിക്കുന്നു. നമ്മുടെ ലോകം എവിടേക്കാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് ? ഈ വിപത്ത് കാരണം മനുഷ്യർ മനുഷ്യർക്കുതന്നെ എതിരാവുന്നു.

ഈ ലഹരിയിൽ മുഴുകിയിരിക്കുന്ന ലോകത്തെ രക്ഷപ്പെടുത്താൻ നമുക്കെല്ലാവർക്കും കൈകോർത്ത് ഒന്നാവാം........



# വിറ്റാമിനുകൾ

ശരീരത്തിന്റെ പ്രവർത്തനത്തെ സഹായിക്കുന്ന പ്രദാന ഘടകങ്ങളാണ് വിറ്റാമിനുകൾ . വയറു നിറയെ ഭക്ഷണം കഴിച്ചിട്ടും അത് സമീകൃതമായില്ലെങ്കിൽ പലതരം രോഗങ്ങൾക്കും നാം വിധേയരാകുന്നു. വിറ്റാമിനുകളെ രണ്ടായി തിരിച്ചിരിക്കുന്നു. വെള്ളത്തിൽ ലയിക്കുന്നവയും കൊഴുപ്പിൽ ലയിക്കുന്നവയും.

വെള്ളത്തിൽ ലയിക്കിന്നവ : വിറ്റാമിൻ ബി & സി
കൊഴുപ്പിൽ ലയിക്കുന്നവ : വിറ്റാമിൻ എ,ഡി,ഇ,കെ

## വിറ്റാമിൻ 'എ'

ശരീരത്തിന്റെ വളർച്ചയ്ക്കും നല്ല കാഴ്ച്ചയ്ക്കും ആരോഗ്യമുള്ള ത്വക്കിനും സഹായകരമായ വിറ്റാമിനാണിത്. രോഗാണു ബാധയിൽ നിന്ന് രക്ഷനേടാനും ഈ വിറ്റാമിൻ സഹായിക്കുന്നു. പാൽ, പഴങ്ങൾ, പച്ചക്കറികൾ, എന്നിവയിൽ വിറ്റാമിൻ 'എ' ധാരാളം ഉണ്ട്. പച്ച, മഞ്ഞ, ഓറഞ്ച് നിറമുള്ള പച്ചക്കറികളും വിറ്റാമിൻ 'എ' യുടെ കലവറയാണ്.

## വിറ്റാമിൻ 'ബി'

ശരീരത്തിന്റെ ഉപാപചയ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ് വിറ്റാമിൻ 'ബി'. കൊഴുപ്പിനെ ഊർജമാക്കി മാറ്റാൻ വിറ്റാമിൻ 'ബി' ആവശ്യമാണ്. വിറ്റാമിൻ 'ബി' ഒറ്റഘടകമല്ല.

ഈ പല ഘടകങ്ങളെ തയാമിൻ, റൈബോഫ്ളാവിൻ, നിയാസിൻ എന്നിങ്ങനെ അറിയപ്പെടുന്നു.

## വിറ്റാമിൻ 'സി'

മുറിവുണക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന വിറ്റാമിനാണ് 'സി'.
ഇതിന്റെ അഭാവം കൊണ്ടുണ്ടാകുന്ന രോഗമാണ് സ്കർവി. വിറ്റാമിൻ 'സി' യുടെ കുറവു മൂലം ഉറക്കമില്ലായ്മയും വിഷാദവും ഉണ്ടാകാം.

## വിറ്റാമിൻ 'ഡി'(സൺഷൈൻ വിറ്റമിൻ)

സൂര്യപ്രകാശത്തിൽ നിന്നു ലഭിക്കുന്ന വിറ്റാമിനാണ് 'ഡി'.ശരീരത്തിലെ കാൽസ്യത്തിന്റെ നിയന്ത്രിക്കുന്നത് വിറ്റാമിൻ 'ഡി' ആണ്. ചെറിയ കുട്ടികളിൽ ഉണ്ടാകുന്ന 'റിക്കറ്റ്സ് ' എന്ന രോഗവും മുതിർന്നവരിൽ കാണുന്ന 'ഓസ്റ്റിയോ മലാസിയ ' എന്ന രോഗവും മുതിർന്നവരിലെ മറ്റ് രോഗങ്ങൾക്കും വിറ്റാമിൻ 'ഡി'.

# മഴവന്നു

മഴവില്ല് മാഞ്ഞു
മാനം കറുത്തു
ഹായ് മഴ!
വിമല പുറത്തിറങ്ങി
മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ മഴ വന്നു
നല്ലൊരുപുള്ളിക്കുടയും
ചൂടി മഴയത്തുടെ നടന്നു
പേക്രോം പേക്രോം
തവളകൾ പാടി
ചെറുമീനുകളോ തുള്ളിച്ചാടി
മഴ വന്നേ ഹായ് മഴ വന്നേ
മഴമേളത്തിൽ പൊടിപൂരം....

# ജനനി

പത്തുമാസം പേറുന്നൊരമ്മതൻ
ലാളിച്ച പാലിച്ച പോറ്റിടുന്നു
പിച്ചവച്ച നടക്കുന്ന വയസ്സിൽ
കൈകൾ  കോർത്തു പിടിച്ചിടുന്നു....
കാലം കടക്കവേ വർണ്ണത്തിളപ്പിൻെറ
ലോകമെൻ മക്കളേ മാറ്റിടുന്നു....
പിന്നീടാരുമില്ല  , കുപ്പാതൊട്ടിയ്ക്ക്
സമാനമാം വൃദ്ധാലയങ്ങളിൽ–
തള്ളിടുന്നു.
ഹൃദിലൊതുങ്ങാത്ത ദുഃഖവുമായവൾ
ശ്വാസമടക്കിപിടിച്ചു.

# പഴഞ്ചൊല്ലുകൾ

1. അക്കരെ നിന്നാൽ ഇക്കരെ പച്ച
2. ആട് കിടന്നിടത്തു പൂട പോലും ഇല്ല
3. കാലത്തിനൊത്തു കോലം കെട്ടണം
4. ഗതി കെട്ടാൽ പുലി പുല്ലും തിന്നും
5. എരിതീയിൽ എണ്ണ ഒഴിക്കരുത്



# പൈഥഗോറസ്

ജനനം.ബി.സി.582
മരണം.ബി.സി.607
ആധുനിക ഗണിത ശാസ്ത്രത്തിന്റെ വികാസത്തിന് അടിത്തറ പാകിയ പൈഥഗോറിയൻ സിദ്ധാന്തങ്ങൾ "പൈഥഗോറിയിസം"എന്നപേരിലറിയപ്പെടുന്നു. പ്രശസ്തനായ ഗണിത ശാസ്ത്രജ്ഞനും തത്ത്വചിന്തകനുമായ ഇദ്ദേഹം ഗ്രീസിലെ സാമോസ് ദ്വീപിലാണ് ജനിച്ചത്. ഓരോ അക്കങ്ങളും വ്യത്യസ്തങ്ങളാണെന്നു കരുതിയ അദ്ദേഹം പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും അക്കങ്ങൾ കൊണ്ട് വ്യാഖ്യാനിക്കാമെന്ന് വാദിച്ചു. മൂലകങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നു. പൈഥഗോറസ്
മട്ട ത്രികോണ സിദ്ധാന്തത്തിന് രൂപം നൽകി.

# [i]അമ്മയുടെ സ്നേഹം

അമ്മയേ കാണാതെ
ഒരുനോക്ക് നിൽക്കുവാൻ
കഴിയില്ല എനിക്കിനി
ഈ ജന്മത്തിൽ
അമ്മയേ ഞാനെന്നും
സ്നേഹിച്ചിരുന്നു
സ്നേഹിച്ച് പുണരാനായി
അമ്മ മാത്രം
അമ്മക്ക് തണലായി
ഞാനും മാത്രം
എൻെറ അമ്മ എനിക്കൊരു
പുണ്യവതി
അമ്മയുടെ സ്നേഹത്തിൽ
മറ്റൊന്നുമില്ലാതായിലോകത്ത്
അമ്മയില്ലാതെനിക്കാരുമില്ല
അമ്മപറഞ്ഞതിനപ്പുറം
മറ്റൊന്നുമില്ലാ
അമ്മയുടെ താരാട്ടു കേട്ടുറങ്ങും
അമ്മയുടെ പുണ്യപ്രവർത്തി
കണ്ടു പഠിച്ചു ഞാൻ
അമ്മയുടെ സ്നേഹം തൻ എൻ
വാത്സല്യം
അമ്മയുടെ പാട്ടുകേട്ടു ഞാൻ
ചൊല്ലിപ്പഠിച്ചതും


മറിയ ജോനു ഇടയനാൽ
IX B


# എൻെറ പ്രകൃതി

കാടും നാടും പൂവും പുഴയും
ഒത്തു ചേരും എൻ പ്രകൃതി
വീടും മരവും മാനും മലയും
കൂടി ചേരും എൻ പ്രകൃതി

കളകളനാദംപാടി ഒഴുകും
പുഴയിടെ താളവും മേളവും
പീലിവിടർത്തി ആടിമയകും
മയിൽപീലിയും ഭംഗിതന്നെ

എൻ പ്രിയ പ്രകൃതിതൻ
സൗന്ദര്യം കാണുമ്പോൾ
അറിയാതെ അലിയുന്നു ഞാനതിൽ
എത്ര സുന്ദരം എൻ പ്രകൃതി

# മഹാത്മാഗാന്ധി



ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറ ഒരു വലിയ ഭാഗം മോഹൻ ദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യൻെറ പ്രഭാവലയത്തിലായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവും യുഗസ്രഷ്ടാവുമായ മോഹൻദാസ് കരംചന്ദ് ഗാന്ധി ഗുജറാത്തിലെ പോർബന്ദറിൽ ഒരു ബനിയ കുടുംബത്തിൽ ജനിച്ചു. ഇംഗ്ലണ്ടിൽ നിയമം പഠിച്ച ദക്ഷിണാഫ്രിക്കയിലെ ഒരു ഇന്ത്യൻ *സ്ഥാപനത്തിൽ ജോലി സ്വീകരിച്ച ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാരുടെ അവകാശങ്ങൾക്കായി വാദിച്ച ഗാന്ധി 1906-ൽ ആദ്യമായി, തൻെറ അക്രമരഹിത പ്രതിരോധമായ സത്യാഗ്രഹം പ്രയോഗിച്ചു. വർണ്ണവിവേചനം കൊടികുത്തി വാണിരുന്ന ദക്ഷിണാഫ്രിക്കയിൽ*

*അതിനെതിരെ പ്രതികരിക്കാൻ ഫീനിക്സ് ഫാം,*ടോൾസ്റ്റോയി ഫാം തുടങ്ങിയ സംഘടനകൾ അദ്ദേഹം സ്ഥാപിച്ചു.1914-ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി സ്വയം ഭരണത്തിനായുള്ള ഒരു ദേശവ്യാപകസമരത്തിൻെറ നേതാവായി. ബ്രിട്ടീഷുകാർക്കെതിരെ സമാധാനപരമായി സമരം ചെയ്യുന്നതിൽ മുഴുകി."സത്യാഗ്രഹം" എന്നാണ് ഈ സമരമുറ അറിയപ്പെട്ടത്. "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്ന കൃതി അദ്ദേഹത്തിന്റെ ആത്മകഥയാണ്.

# കേരളം

കേരം തിങ്ങും നാടേ
കേരളമെന്നടെ നാടേ
വയലും പുഴയും പുൽമേടും
തിങ്ങിനിറഞ്ഞൊരു നാടേ............

പച്ചപുതച്ചൊരു നാടേ
എന്നടെ സ്വന്തം നാടേ
ഒന്നിച്ചൊന്നായി നാമെല്ലാം
ഒന്നായിരിക്കാം ഇവിടെ...........

# നായ വീട്ടുമൃഗമായതെങ്ങനെ

വളരെ പണ്ട് നായ കാട്ടുമൃഗമായിരുന്നു. വീടുകളിലൊന്നും നായകളെ വളർത്തുന്ന രീതിയുണ്ടായിരുന്നില്ല.

അന്ന് നായയുടെ ഏറ്റവും അടുത്ത സുഹൃത്ത് ചെന്നായ ആയിരുന്നു. ഒന്നിച്ചുള്ള താമസം. ഒന്നിച്ചുള്ള വേട്ടയാടൽ ഒന്നിച്ചുള്ള ഭക്ഷണം.

ഒരിക്കൽ വൈകുന്നതുവരെ വേട്ടയാടിയിട്ടും ഒന്നുംതന്നെ അവർക്കു കിട്ടിയില്ല. നേരം വൈകിയപ്പോൾ നല്ല തണുത്ത കാറ്റു വീശാനും തുടങ്ങി. അസഹനീയമായ തണുപ്പും നല്ല വിശപ്പും.

"വിശപ്പിനൊപ്പം ഈ തണുപ്പുംകൂടി സഹിക്കാനാവുന്നില്ല." നായ പറഞ്ഞു.

"നാളെ നമുക്കു നല്ല കൊച്ചു മാനിനെ വേട്ടയാടിപ്പിടിക്കാം. ഇപ്പോൾ കിടന്നുറങ്ങു സ്നേഹിതാ." ചെന്നായ പറഞ്ഞു.

നായക്കു പക്ഷെ ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടുംരക്ഷയില്ല. ചെന്നായയും ഉറങ്ങിയിട്ടില്ല.

അപ്പോഴതാ അല്പം ദൂരെയായി ഒരു ചെറുവെളിച്ചം.

"ഏയ് സുഹൃത്തേ നോക്കൂ, എന്തോന്നാ ആ വെളിച്ചം"

"ഓ, അവിടൊരു ഗ്രാമമുണ്ട്. അവിടത്തെ ഏതോ ഒരു വീട്ടിൽ അടുപ്പ് കൂട്ടുന്നതാ. നിനക്കറിയാലോ..." ചെന്നായ നിസ്സംഗനായി പറഞ്ഞു.

"തീയ്ക്കു നല്ല ചൂടല്ലേ. നീ നല്ല ധീരനല്ലേ ചെന്ന് അല്പം തീ കൊണ്ടുവാ." നായ പറഞ്ഞു.

വേണമെങ്കിൽ നീ പോയി എടുക്കൂ. എനിക്കുറക്കം വരുന്നു." ചെന്നായ പറഞ്ഞു.

നായക്ക് മനുഷ്യരെ പേടിയാണെങ്കിലും എങ്ങനെയെങ്കിലും ചൂടു കിട്ടണമെന്നുണ്ട്. മാത്രമല്ല മനുഷ്യന്റെ വീടിനടുത്ത് എല്ലിൻ കഷണ മൊക്കെ കണ്ടെന്നും വരും. പട്ടിണിയും തണുപ്പും അവന്റെ ഭയം കുറച്ചു. അവൻ പറഞ്ഞു

"സുഹൃത്തേ ഞാൻ ഏതായാലും ഒന്നു പോയി നോക്കട്ടെ. വല്ല എല്ലിൻകഷണവും കിട്ടിയാൽ അതുകൂടി എടുക്കാമല്ലോ."

ഞാൻ വരാൻ വൈകിയാൽ നീ ഓരിയിടണം. അപ്പോൾ നിന്റെ അടുക്കലേയ്ക്കുള്ള വഴി എനിക്കു തെറ്റില്ല."

ഗ്രാമത്തിലെ വീടിനരികിലെത്തിയ നായ തിയുടെ അരികിലായി നല്ല കുറെ എല്ലിൻകഷണങ്ങൾ കിടക്കുന്നതു കണ്ടു, പതിയെ അവൻ അതിനടുത്തെത്തിയപ്പോൾ അതാ കുടിലിനുള്ളിൽനിന്നു ഒരു മനുഷ്യൻ പുറത്തുവരുന്നു. ഭയന്നുപോയ നായ വളരെ ദയനീയമായി കരഞ്ഞു.

"എന്നെ കൊല്ലല്ലേ ചേട്ടാ. ഞാനൊരു പാവമാണേ. വിറച്ചിട്ടുവയ്യ. അല്പം തീ കാഞ്ഞ് ഇപ്പംതന്നെ പൊയ്ക്കോളാം."

നായയുടെ ദയനീയ മുഖവും ഭവ്യതയോടെയുള്ള സംസാരവും, ആ മനുഷ്യനെ സ്പർശിച്ചു.

"ശരി , കുറച്ചുനേരം കഴിഞ്ഞ് സ്ഥലം വിട്ടോണം."പിന്നെ അയാൾ കുടിലിലേക്കു കയറിപ്പോയി. ഒരു വലിയ എല്ലിൻ കഷണവും കടിച്ചുപൊട്ടിച്ചുകൊണ്ട് അവൻ തീയ്ക്കരുകിൽ ഇരുന്നു.

വീണ്ടും പുറത്തിറങ്ങിവന്ന മനുഷ്യൻ നായ ഇതുവമെ പോയില്ലെന്നു കണ്ടു.

"ങേ ഇതുവരെ പോയില്ലേ, ആവശ്യത്തിനു ചൂടു കിട്ടിയില്ലേ."

മനുഷ്യരോടുള്ള ഭയം പതിയെ മാറിത്തുടങ്ങിയ നായ പറഞ്ഞു.

"ഇല്ലെന്നേ, ഇത്തിരിനേരം കൂടി ഞാനിവിടെ ഇരുന്നോട്ടെ."

ആ മനുഷ്യൻ ഒന്നുചിരിച്ചു. എന്നിട്ട് ഉള്ളിലേക്കു പോയി.

അല്പ നേരം കഴിഞ്ഞ് വീണ്ടും മടങ്ങിവന്ന് പഴയ ചോദ്യം ആവർത്തിച്ചു. ഉത്തരവും പഴയതുതന്നെ.

മൂന്നാമത്തെ തവണ പുറത്തു വന്നപ്പോഴും നായ അവിടെത്തന്നെയുണ്ട്. ഇപ്പോൾ നായയുടെ ഭയം ഏതാണ്ട് പൂർണ്ണമായും മാറിയിരുന്നു. മനുഷ്യൻ എന്തെങ്കിലും ചോദിക്കുന്നതിനു മുൻപേ അവൻ പറഞ്ഞു.

"എന്റെ പൊന്നു ചേട്ടാ, ഞാനീ കുടിലിന്റെ അരികിൽ കിടന്നോളാം. കാട്ടിലാണെങ്കിൽ നല്ല തണുപ്പ്, കഴിക്കാൻ പോലും ചിലപ്പോൾ ഒന്നും കിട്ടാറില്ല.

വെറുതെ വേണ്ട ചേട്ടാ, ഈ വീടിന്റെ സംരക്ഷണം ഇതാ ഈ ഞാൻ ഏറ്റെടുത്തോളാം, ദിവസവും കുറച്ചെത്തെങ്കിലും കഴിക്കാൻ തന്നാൽ കുശാലായി."

ഒട്ടുനേരം ആലോചിച്ചിട്ട അയാൾ പറഞ്ഞു.

"ശരി നീ ഇവിടെ കൂടിക്കോ, ഞങ്ങൾക്ക ഒരു കൂട്ടുമായല്ലോ."


അന്നു മുതൽ നായ മനുഷ്യനു തുണയായി. അവന്റെ വീട്ടു കാവൽക്കാരനായി. അതോടെ നായ വലിയൊരു ജീവിതസത്യവും പഠിച്ചു.

ഭയപ്പെടുന്നതെന്തോ അതു ചെയ്യുക; ഭയം താനേ മാറിക്കൊള്ളും.

# എന്റെ സ്വപ്നം

നോക്കി ചിരിക്കുന്ന
ഒറ്റ നക്ഷത്രം മഴയത്ത്
മണ്ണിൽ വിത്തായ്
മുളച്ചോരു മരമായി
വാനം മുട്ടെ വളർന്നതിൽ നിറയെ
നക്ഷത്രപൂക്കൾ
പൂത്ത വിടർന്നതും
ഞാൻ സ്വപ്നം കണ്ടു

# കുഞ്ഞുപ്പൂവ്



ഈ വസുന്ധരയാം നറു പാണിയിൽ
പൊട്ടിവിരിഞ്ഞൊരു കുഞ്ഞുപൂവേ
നിൻ നികിടത്തിൽ ഞാനൊന്നിരിക്കവേ
നിൻ നറു പുഞ്ചിരിയൊന്നുമാത്രം
മരതകവർണ്ണചൊരിയുമീ തോട്ടത്തിൽ
കാണാം നിരവധി പൂമമൊഴിയെ
നൂറിൽപരം പൂക്കൾ  കാണാൻ കഴിഞ്ഞെ
വ്യത്യസ്തമായ് നിന്നൊരു കുഞ്ഞുപൂവെ
കാലം പലതും കഴിഞ്ഞുപോയി
നിന്റെയീതാളുകൾ കൊഴിഞ്ഞു പോയി
ഓരോ ദുഃഖത്തിലുമാശ്വാസമായ്
തീർന്ന നിന്റെ മുഖമാണെന്മനസിൽ.





# ജിവചരിത്രം

## ഉണ്ണികൃഷ്ണൻ പുതൂർ

1933-ൽ തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനനം.വളർന്നതും ജീവിച്ചതും ഗുരുവായൂരിൽ. ആത്മസംഘർഷങ്ങളുടെ കഥാക്കാരൻ എന്നറിയപ്പെടുന്ന ചെറുകഥാകൃത്ത്,നോവലിസറ്റ് എന്നീ നിലകളിൽ പ്റശസ്തൻ

ബലിക്കല്ല്, നാഴികമണി, ആട്ടുകട്ടിൽ, അമൃതമഥനം, ആനപ്പക, ധർമ്മചക്റം എന്നീ നോവലുകളും ഭാഗപത്രം,നഷ്ടപ്പെട്ട പൊന്നോണം,അനുഭവങ്ങളുടെ നേർരേഖക തുടങ്ങിയ കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. കേരള സാഹിത അക്കാദമി അവാർഡ്, പത്മപ്രഭാപുരസ്കാരം,ഓടക്കുഴൽ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചു. 2014-ൽ അന്തരിച്ചു.


കെസിയ അനീഷ്
IX B

# നന്ദി

അങ്ങനെ മയിൽപീലി പിറന്നു........
സ്നേഹത്തിന്റെ..... കരുതലിന്റെ......
കൂട്ടായ്മയുടെ.... സന്തോഷം
സ്വർഗ്ഗസൃഷ്ടിയായ് പൂവണിയുന്നു....
ഇത് പൂർത്തിയാക്കാൻ സഹായിച്ച ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾക്കും ഹെഡ്മിസ്ട്രസിനും
അധ്യാപികമാർക്കും സ്നേഹത്തിന്റെ ഭാഷയിൽ
നന്ദി...............

എഡിറ്റർ